# നായർ സർവീസ് സൊസൈറ്റി ബഡ്ജറ്റ് സമ്മേളനം 2021–22
# പെരുന്ന, ചങ്ങനാശ്ശേരി. 24.6.2021

**ഔദ്യോഗികപ്രമേയം**

- **സ്ത്രീധനനിരോധനനിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തി, നിയമം കർക്കശമായി നടപ്പാക്കണം**

സ്ത്രീധനനിരോധനനിയമത്തിൽ നല്കിയിട്ടുള്ള നിർവചനപ്രകാരം 'വിവാഹബന്ധത്തിൽ ഏർപ്പെടുന്ന കക്ഷികളോ അവരുടെ മാതാപിതാക്കളോ വിവാഹത്തിനു മുമ്പോ, വിവാഹ വേളയിലോ, വിവാഹത്തിനു ശേഷമോ നേരിട്ടോ അല്ലാതെയോ പരസ്പരം കൊടുക്കുകയോ വാങ്ങുകയോ കൊടുത്തുകൊള്ളാമെന്നു കരാർചെയ്യുന്നതോ ആയ സ്വത്തുക്കളും വിലപിടിപ്പുള്ള രേഖകളും ധനവും സ്വർണ്ണാഭരണങ്ങളും വാഹനങ്ങളും സ്ഥാവരജംഗമ സ്വത്തുക്കളും വിലപിടിപ്പുള്ള മറ്റെല്ലാ സാധനങ്ങളും' സ്ത്രീധനത്തിൽ ഉൾപ്പെടുന്നതാണ്. എന്നാൽ വിവാഹസമയത്ത് ആരും ആവശ്യപ്പെടാതെതന്നെ വധൂവരന്മാർക്ക് നല്കുന്ന സമ്മാനങ്ങൾ (presents) ഈ നിയമപ്രകാരം സ്ത്രീധനത്തിന്റെ പരിധിയിൽനിന്നും ശിക്ഷ യിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. സ്ത്രീധനം ആയി ആവശ്യപ്പെടുന്ന വിലപിടിപ്പുള്ള സ്വർണ്ണാഭരണങ്ങൾ മുതലായവ വിവാഹസമയത്ത് വധുവിനെ അണിയിക്കുന്നതാണ് പതിവ്. ഇതുമൂലം ധാരാളം സ്വർണ്ണാഭരണങ്ങൾ വിവാഹസമയത്ത് നല്കുന്നവർ ഈ നിയമത്തിലെ ശിക്ഷയിൽനിന്നും രക്ഷപ്പെടുന്നതിന് സാഹചര്യമുണ്ടാകുന്നു. അതിനാൽ, വിവാഹവേളയിൽ വധൂവരന്മാർ അണിയുന്ന സ്വർണ്ണാഭരണങ്ങൾക്കും മറ്റും പരിധി നിശ്ചയിക്കണം. പരിധിയിൽ കൂടുതലായുള്ള സ്വർണ്ണാഭരണങ്ങളും മറ്റും, ആവശ്യപ്പെടുന്നതനുസരിച്ചു നല്കുന്ന സ്ത്രീധനമായി കണക്കാക്കണം. പരിധിയിൽ കവിഞ്ഞുള്ള സ്വർണ്ണാഭരണങ്ങൾ ഉൾപ്പെടെയുള്ള ഏതുതരം സമ്മാനങ്ങളും ഉപഹാരങ്ങളും സ്ത്രീധനത്തിന്റെ നിർവചനത്തിൽ ഉൾപ്പെടുത്തി നിയമം ഭേദഗതി ചെയ്യുന്നതിന് കേന്ദ്രസർക്കാർ തയ്യാറാകണം. സ്ത്രീധനം നല്കുകയോ സ്വീകരിക്കുകയോ അതിന് പ്രേരിപ്പിക്കുകയോ ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ള ശിക്ഷ വളരെ അപര്യാപ്തമാണ്. അത് വർദ്ധിപ്പിച്ച് നിയമം കർക്കശമായി നടപ്പാക്കേണ്ടതാണ്.

സ്ത്രീധനനിരോധനനിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കേണ്ടത് സംസ്ഥാന സർക്കാരിന്റെ ചുമതലയാണ്. ഈ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് ആവശ്യമായ ചട്ടങ്ങൾ നിർമ്മിക്കുന്നതിന് സംസ്ഥാനസർക്കാരിന് അധികാരമുള്ളതുമാണ്. അതനുസരിച്ച് നിയമം നടപ്പാക്കുന്നതിലേക്ക് കേരളസർക്കാർ 'കേരള ഡൗറി പ്രൊഹിബിഷൻ റൂൾസ് – 2004' എന്ന പേരിൽ ചട്ടങ്ങൾ നിർമ്മിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഈ ചട്ടങ്ങൾ നടപ്പിലാ ക്കാൻ കേരളത്തിൽ മൂന്ന് മേഖലകളിലായി റീജിയണൽ ഡൗറി പ്രൊഹിബിഷൻ ഓഫീസർമാരെ നിയമിക്കാൻ വ്യവസ്ഥയുള്ളതാണ്. കൂടാതെ ആർ.ഡി.ഒ.മാർക്കും ഈ ചുമതല നല്കണമെന്ന് ചട്ടത്തിലുണ്ട്. കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് ഈ ഉദ്യോഗ സ്ഥരുടെ ചുമതലയാണ്.

ഡൗറി പ്രൊഹിബിഷൻ ഓഫീസർമാർക്ക് നല്കിയിട്ടുള്ള അധികാരം ഉപയോഗിച്ച് വിവാഹസമയത്ത് നടക്കുന്ന കുറ്റകൃത്യങ്ങൾ തടയാൻ കഴിയേണ്ടതാണ്. അറസ്റ്റ് ഒഴികെ പോലീസ് ഉദ്യോഗസ്ഥർക്കുള്ള എല്ലാ അധികാരങ്ങളും ഈ നിയമപ്രകാരം പ്രസ്തുത ഉദ്യോഗസ്ഥർക്ക് നല്കിയിട്ടുണ്ട്. വിവാഹവേദികളിലെത്തി, സ്വർണ്ണാഭരണങ്ങളുടെയും മറ്റും വിവരങ്ങൾ ശേഖരിക്കുന്നതിനു പോലും ഈ ഉദ്യോഗസ്ഥർക്ക് അധികാരമുണ്ട് എന്നുള്ളത് വ്യക്തമാണ്. സ്ത്രീധനം രഹസ്യമായി നല്കുന്നുവെങ്കിൽ, അത് സൂക്ഷിക്കുന്ന ഇടങ്ങൾ പരിശോധന നടത്തി അവ കണ്ടെടുക്കാനും ഇവർക്ക് അധികാരമുണ്ട്.

(തുടർച്ച....... 2)

കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ പ്രോസിക്യൂട്ട് ചെയ്യുന്നതിനും ഈ ഉദ്യോഗസ്ഥർക്ക് വിപുലമായ അധികാരങ്ങൾ നല്കുന്നുണ്ടെങ്കിലും അതൊന്നുംതന്നെ നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിക്കാണുന്നില്ല.

സ്ത്രീധനത്തിന്റെ പേരിൽ പരാതികൾ ഉണ്ടാകുന്നത്, വധുവിന്റെ ആത്മഹത്യയോ കൊലപാതകമോ മറ്റു ദുരന്തങ്ങളോ ഉണ്ടാകുമ്പോൾ മാത്രമാണ്. സ്ത്രീധനത്തിന്റെ പേരിൽ ആത്മഹത്യയോ മറ്റു ദുരന്തങ്ങളോ സംഭവിക്കുമ്പോൾ മാത്രം സർക്കാർ ഉണർന്നാൽ പോരാ. നിയമം കർക്കശമായി നടപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാരിനുണ്ട്. സ്ത്രീധനമെന്ന സാമൂഹ്യതിന്മയെ ഉന്മൂലനം ചെയ്യുന്നതിന്, കുറ്റകൃത്യങ്ങൾ ഉണ്ടാകാതെതന്നെ അവയെ തടയുന്നതിനു വേണ്ടിയുള്ള കരുതൽ നടപടികൾ സർക്കാർ സ്വീകരിക്കേണ്ടതാണ്.

സ്ത്രീധനത്തിന്റെ പേരിലുള്ള ആത്മഹത്യകളും കൊലപാതകങ്ങളും വർദ്ധിച്ചുവരുന്ന ഈ സാഹചര്യത്തിൽ, സ്ത്രീധനനിരോധനനിയമത്തിൽ യുക്തമായ ഭേദഗതികൾ വരുത്തി, നിയമം കർക്കശമായി നടപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര-സംസ്ഥാനസർക്കാരുകളോട് ഈ യോഗം ആവശ്യപ്പെടുന്നു.

അവതാരകൻ : ജി. സുകുമാരൻ നായർ<br>N.S.S. ജനറൽ സെക്രട്ടറി

അനുവാദകൻ : ഡോ. എം. ശശികുമാർ<br>N.S.S. ട്രഷറർ